"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർമാരായ ശ്രീ.ഉണ്ണികൃഷ്ണൻ നായർ റ്റി, ശ്രീ.ജോസഫ് സി.ജെ എന്നിവർക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിൽ താല്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.19/2025/SWD തീയതി,തിരുവനന്തപുരം, 19-08-2025

---

പരാമർശം:- 1. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 03.06.2025 ലെ ഡി.എസ്.ഡബ്ല്യു./406/2025-എ1 നമ്പർ കത്ത്.

**ഉത്തരവ്**

സൈനിക ക്ഷേമ വകുപ്പിൽ ഡയറക്ടർ തസ്തികയിലും,ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികകളിലും കേന്ദ്ര സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് കേന്ദ്രസർക്കാർ അംഗീകരിച്ച യോഗ്യതകൾ മാനദണ്ഡമാക്കി നിയമനങ്ങൾ നടത്തുന്നതിനായി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികകളിൽ നിലവിൽ താൽകാലിക സ്ഥാനക്കയറ്റമാണ് വകുപ്പിൽ നൽകി വരുന്നത്.

2. സൈനിക ക്ഷേമ വകുപ്പിൽ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിൽ 04 ഒഴിവുകൾ ഉണ്ടെന്നും ഇപ്രകാരം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിഘാതമാവുകയും ചെയ്യുകയാണെന്നും ആയതിനാൽ ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലെ അർഹരായ രണ്ട് അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലേയ്ക്ക് താൽകാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൈനിക ക്ഷേമ ഡയറക്ടർ ഇൻ ചാർജ്ജ് പരാമർശം പ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ് ന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിലെ ഭരണപരമായ അടിയന്തര സാഹചര്യം

മുൻനിർത്തി, താൽകാലിക പ്രൊമോഷനില്ലുള്ള നിരോധനത്തിൽ ഇളവ് നൽകി, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർമാരായ ശ്രീ.ഉണ്ണികൃഷ്ണൻ നായർ റ്റി (പെൻ-637849), ശ്രീ.ജോസഫ് സി.ജെ (പെൻ-570183) എന്നിവരെ KS & SSR Part II Rule 31(a) (i) പ്രകാരം ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി ശ്രീ.ഉണ്ണികൃഷ്ണൻ നായരെ മലപ്പുറം ജില്ലാ സൈനിക ക്ഷേമ ഓഫീസറായും, ശ്രീ.ജോസഫ് സി.ജെ യെ കാസർഗോഡ് ജില്ലാ സൈനിക ക്ഷേമ ഓഫീസറായും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ ഇൻ ചാർജ്ജ്, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. ശ്രീ.ഉണ്ണികൃഷ്ണൻ നായർ റ്റി, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, തിരുവനന്തപുരം (ഡയറക്ടർ മുഖേന)
3. ശ്രീ.ജോസഫ് സി.ജെ, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, കണ്ണൂർ (ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
6. ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
7. ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, കണ്ണൂർ
8 ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shailakumari. M
സെക്ഷൻ ഓഫീസർ
Date: 19-08-2025 12:44:45